# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 23      04.06.2018-ൽ മറുപടിയ്ക്ക്

**<u>സംസ്ഥാന വിവരാവകാശ കമ്മീഷണർ നിയമനം</u>**

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന വിവരാവകാശ കമ്മീഷനിൽ എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നത്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സർക്കാർ ശിപാർശ ചെയ്തത് ആരെയൊക്കെയാണ്; അവരുടെ യോഗ്യതകൾ എന്തൊക്കെയാണ്; | (എ) | 5 ഒഴിവുകൾ<br>1) ഡോ.കെ.എൽ.വിവേകാന്ദൻ<br>2) ശ്രീ.എസ്.സോമനാഥൻപിള്ള<br>3) ശ്രീ.എ.അബ്ദുൾ റഷീദ്<br>4) ശ്രീ.കെ.വി.സുധാകരൻ<br>5) ശ്രീമതി.ശ്രീലത പി.ആർ<br><br>യോഗ്യതകൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | സർക്കാർ ശിപാർശ ചെയ്ത ഏതെങ്കിലും വ്യക്തിയെ ഗവർണർ നിയമിയ്ക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ ആരുടെ നിയമന ശിപാർശയാണ് ഗവർണർ തള്ളിയത്; | (ബി) | ഉണ്ട്;<br>ശ്രീ.എ.അബ്ദുൾ റഷീദ് |
| (സി) | പൊതുമുതൽ നശിപ്പിച്ചത് സംബന്ധിച്ച ക്രിമിനൽ കേസ്സുകളിലും നിയമനത്തട്ടിപ്പ് കേസ്സിലും ഉൾപ്പെട്ട വ്യക്തിയെ വിവരാവകാശ കമ്മീഷണറായി നിയമിക്കുവാൻ സർക്കാർ ശിപാർശ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത വ്യക്തിയെ ശിപാർശ ചെയ്തത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) | പൊതുപ്രവർത്തനവുമായി ബന്ധപ്പെട്ട കേസുകളാണ് ശ്രീ.എ.അബ്ദുൾ റഷീദിന്റെ പേരിൽ ഉണ്ടായിരുന്നത്. യോഗ്യതകൾ ഉണ്ടായിരുന്നതു കൊണ്ടാണ് ടിയാനെ വിവരാവകാശ കമ്മീഷണർ നിയമനത്തിനായി ശിപാർശ ചെയ്തത് |
| (ഡി) | അപ്രകാരമുള്ള ഒരു വ്യക്തിയെ വിവരാവകാശ കമ്മീഷണർ സ്ഥാനത്തേക്ക് ശിപാർശ ചെയ്തത് വിമർശനം ഉയർന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള ഒരു ഒഴിവിലേക്ക് ഏറ്റവും യോഗ്യരായവരെ ശിപാർശ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## അനുബന്ധം.1

**യോഗ്യതകൾ**

**ഡോ.കെ.എൽ.വിവേകാനന്ദൻ:-**

1 ശാസ്ത്ര സാങ്കേതിക മേഖലയിൽ പരിജ്ഞാനമുള്ള ഇദ്ദേഹം ജിയോളജിയുമായി ബന്ധപ്പെട്ട് സ്റ്റോക്ക് ഹോം യൂണിവേഴ്സിറ്റിയിൽ പ്രബന്ധം അവതരിപ്പിക്കയും കൂടാതെ ദേശീയ/അന്തർ ദേശീയ പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ട്.

2) ഭൂമിശാസ്ത്രത്തിൽ ഡോക്ടറേറ്റ്

3) എസ്.എൻ കോളേജ് ചെമ്പഴന്തി ജിയോളജിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസ്സർ ആയും, തലവനായും 32 വർഷത്തെ അധ്യാപന പരിചയം

4) കേരള യൂണിവേഴ്സിറ്റിയിൽ സിൻഡിക്കേറ്റ്, സെനറ്റ് മെമ്പറായും പ്രവർത്തിച്ചിട്ടുണ്ട്.

5) Natural Resource Management-ൽ യൂണിവേഴ്സിറ്റി തലത്തിൽ റിസർവ്വ് ഗൈഡായി പ്രവർത്തിച്ചിട്ടുണ്ട്

**ശ്രീ.എ.അബ്ദുൾ റഷീദ്:-**

1) വിവിധ സ്ഥാപനങ്ങളുടെ ചെയർമാൻ, വൈസ് ചെയർമാൻ എന്നീ പദവികൾ വഹിച്ചിട്ടുള്ള ഇദ്ദേഹം 2000 മുതൽ 2015 കാലയളവ് വരെ Malayalam Communication-ന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ മെമ്പർ ആയി പ്രവർത്തിച്ചതു വഴി മാസ് മീഡിയയിൽ വിശാലമായ അറിവും, അനുഭവജ്ഞാനവും

2) 1989 മുതൽ അഭിഭാഷകനായി പ്രവർത്തിച്ച വരുന്നു

3) കേരള യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ, കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ്, സെനറ്റ് അംഗം, 97-ാം മത് Science Congress ജനറൽ കൺവീനർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്

**ശ്രീ.കെ.വി.സുധാകരൻ:-**

1) ഇംഗ്ലീഷ് സാഹിത്യം, ജേർണലിസം മാസ് കമ്മ്യൂണിക്കേഷൻസിൽ ബിരുദാനന്തര ബിരുദം

ജേർണലിസത്തിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ

2) 26 വർഷമായി പത്രപ്രവർത്തകനായും, മാധ്യമ എഡിറ്ററായും പ്രവർത്തിച്ചതു വഴി മാധ്യമ രംഗത്ത് വിശാലമായ പ്രവർത്തന പരിചയം

3) പത്രപ്രവർത്തന മേഖലയിൽ നിസ്തുലമായ സംഭവനകൾ നൽകിയതു വഴി ടി മേഖലയിൽ വിവിധ അവാർഡുകൾ നേടിയിട്ടുണ്ട്. Environment Journalism-ത്തിൽ നാഷണൽ മീഡിയ ഫെലോഷിപ്പ് ജേതാവാണ്

4) കേരള യൂണിവേഴ്സിറ്റി ബോർഡ് ഓഫ് ജേർണലിസം മെമ്പറായും, സംസ്ഥാനത്തെ വിവിധ പ്രസ്സ് ക്ലബുകളുടെ പ്രസിഡന്റായും സേവനമനുഷ്ഠിച്ച ഇദ്ദേഹം പ്രതിപക്ഷ നേതാവിന്റെ പ്രസ്സ് സെക്രട്ടറി, ഭരണപരിഷ്കാര കമ്മീഷന്റെ പ്രസ്സ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്

**ശ്രീ.എസ്.സോമനാഥൻപിള്ള:-**

1) MBA, LLB ബിരുദധാരി

2) കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോമാറ്റിംഗ് ഇൻഡ്യ ലിമിറ്റഡ്, വികലാംഗ ക്ഷേമ കോർപ്പറേഷൻ, കരകൗശല വികസന കോർപ്പറേഷൻ, ട്രാവൻകൂർ സിമന്റ്സ്, ടൈറ്റാനിയം പ്രോഡക്ട്സ് എന്നീ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടറായും, കേരള സംസ്ഥാന കയറ്റുമതി വികസന കൗൺസിൽ മെമ്പർ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചതു വഴി മാനേജ്മെന്റ് രംഗത്ത് ഉള്ള വൈദഗ്ധ്യം

3) 2000-ത്തിൽ 'Destination in Kerala' എന്ന വിഷയത്തിൽ Washington-ൽ വച്ച് Investors Meeting സംഘടിപ്പിച്ചിട്ടുണ്ട്

4) ഭിന്നശേഷിക്കാർക്കു വേണ്ടി കേരളത്തിലുടനീളം വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകി

**ശ്രീമതി. ശ്രീലത പി. ആർ:-**

1) Bsc (Zoology) B.Ed (Natural Science), MA (Malayalam) ബിരുദധാരി

**2)** പൊതുഭരണ വകുപ്പ് സെക്രട്ടേറിയറ്റ്, കേര ഫെഡ്, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ SPIO, LSGD, Social Justice Department, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, എന്നിവിടങ്ങളിൽ അപ്പലേറ്റ് അതോറിറ്റി എന്നിവയായി പ്രവർത്തിച്ചതു വഴി വിവരാവകാശ മേഖലയിൽ നേടിയ പ്രവൃത്തി പരിചയം.

3) ഗവ.സെക്രട്ടേറിയറ്റിൽ 30 വർഷത്തെ സേവനം വഴി ഭരണ രംഗത്ത് നേടിയ പരിജ്ഞാനം